# പോലീസ് വകുപ്പ്

കേരളം

**No. G2-278/2020/M**

മലബാർ സ്പെഷ്യൽ പോലീസ്,

മലപ്പുറം

✉cmdtmsp.pol@kerala.gov.in

✆04832734921


തീയതി. 08-01-2021

**പുനർ ലേല പരസ്യം.**

MSP ബറ്റാലിയൻ ആസ്ഥാനത്തെ LP സ്കൂൾ സ്പോർട്സ് ഗ്രൗണ്ട് പവലിയനു പിൻ ഭാഗത്ത് ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മഴമരം 25.01.2021 തീയതി പകൽ 11 മണിക്ക് പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്.

പ്രസ്തുത ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 175/- (നൂറ്റി എഴുപത്തി അഞ്ച് രൂപ) നിരത ദ്രവ്യം ലേല ദിവസം രാവിലെ 11 മണിക്ക് മുൻപായി ലേല സ്ഥലത്ത് അടച്ച രസീത് വാങ്ങേണ്ടതാണ്.കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന വ്യക്തിക്ക് ലേലം സ്ഥിരപ്പെടുത്തി കൊടുക്കുന്നതും ടിയാൻറെ നിരത ദ്രവ്യം ഒഴിച്ചുള്ള ബാക്കി തുകയും, 18% GST യും,1% ഫ്ലഡ് സെസ്സും ആകെ തുകയുടെ 5% വന വികസന നികുതിയും കൂടി ചേർത്ത് ബറ്റാലിയൻ കാഷ്യർ കൈവശം അടവാക്കേണ്ടതാണ്.ലേലത്തിൽ പങ്കെടുക്കുന്ന ലേലം കൊള്ളാത്തവരുടെ നിരത ദ്രവ്യം ലേലം കഴിഞ്ഞ ഉടനെ തിരിച്ച് നൽകുന്നതാണ്.ലേലം കൊണ്ട വ്യക്തി മേൽ പ്രസ്താവിച്ച ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം ലേലം അസ്ഥിരപ്പെടുത്തി പുനർ ലേലം നടത്തുന്നതായിരിക്കും,ആയതിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആദ്യം ലേലം കൊണ്ട വ്യക്തിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതുമായിരിക്കും.ലേല ദിവസത്തിന് മുൻപുള്ള ദിവസങ്ങളിൽ രാവിലെ പതിനൊന്ന് മണി മുതൽ വൈകീട്ട് നാല് മണി വരെ ബന്ധപ്പെട്ട ക്യാമ്പിലെ ഓഫീസ് മേധാവി ചുമതലപ്പെടുത്തുന്ന ഓഫീസറുടെ സാന്നിധ്യത്തിൽ ലേല വസ്തു പരിശോധിക്കാവുന്നതാണ്.

പരിശോധനയ്ക്ക് വന്നവരും ലേലത്തിൽ പങ്കെടുക്കേണ്ടവരും സ്വന്തം തിരിച്ചറിയൽ കാർഡ് കൈവശം വയ്ക്കേണ്ടതും ആവശ്യപ്പെടുന്ന പക്ഷം ഹാജരാക്കേണ്ടതുമാണ്.കൂടാതെ കൊറോണ വൈറസിൻറെ പശ്ചാത്തലത്തിൽ മാസ്ക് അടക്കമുള്ള മുൻകരുതലുകൾ നിർബന്ധമായും സ്വീകരിക്കേണ്ടതാണ്.യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വയ്ക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം MSP അധികാരികളിൽ നിക്ഷിപ്തമായിരിക്കും.

അബ്ദുൾ കരീം യു ഐ പി എസ്

കമാണ്ടൻറ് (ic)

| | | |
|---|---|---|
| സ്വീകർത്താവ് | : | 1.ലേല ബോർഡ് അംഗങ്ങളുടെ അറിവിലേക്കും അനന്തര നടപടികൾക്കുമായി. കൊറോണ വൈറസിൻറെ പശ്ചാത്തലത്തിൽ മാസ്ക് & സാനിറ്റൈസർ അടക്കമുള്ള മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ട് നിശ്ചിത സാമൂഹിക അകലം പാലിച്ച് ലേല നടപടികൾ സ്വീകരിക്കേണ്ടതാണ്. 2.ബറ്റാലിയൻ കാഷ്യറുടെ അറിവിലേക്കായി. |
| പകർപ്പ് | : | 1.എല്ലാ കമാണ്ടൻറുമാർക്കും,മലപ്പുറം, പാലക്കാട്, വയനാട്, തൃശ്ശൂർ റൂറൽ,കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവിമാർക്കും, തൃശ്ശൂർ,കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർമാർക്കും വിപുലമായ പരസ്യത്തിനായി. 2.മലപ്പുറം,പെരിന്തൽമണ,മഞ്ചേരി, കോട്ടക്കൽ,കൊണ്ടോട്ടി,പരപ്പനങ്ങാടി,തിരൂർ മുൻസിപ്പൽ സെക്രട്ടറിമാർക്കും, |

കുട്ടിലങ്ങാടി,കുറുവ,മക്കരപ്പറമ്പ്,അങ്ങാടിപ്പുറം,മങ്കര,ഊരകം,വേങ്ങര,കണ്ണമങ്ങലം ,പറപ്പൂർ,കോഡൂർ പൊന്മള പഞ്ചായത്ത് സെക്രട്ടറിമാർക്കും വിപുല പരസ്യത്തിനായി. 4.എല്ലാ എം.എസ്.പി അസിസ്റ്റന്റ് കമാണ്ടന്റുമാരുടെയും ഓഫീസർ കമാണ്ടന്റുമാരുടെയും അറിവിനും വ്യാപകമായ പരസ്യത്തിനുമായും.

G2-278/2020/M

fbeae8